# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 147 — 08.06.2015-ൽ മറുപടിക്ക്

## അരൂർ മണ്ഡലത്തിൽ നിന്നും മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | അരൂർ മണ്ഡലത്തിൽ നിന്നും മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; | (എ) | ആലപ്പുഴ ജില്ലയിൽ നിന്ന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് മൊത്തം 20,054 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ തയ്യാറായിട്ടില്ല. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിൽ നടപടികൾ സ്വീകരിച്ച എന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് ആകെ സഹായമായി അനുവദിച്ചത്; | (ബി) | ആലപ്പുഴ ജില്ലയിൽ നിന്ന് കടാശ്വാസത്തിനായി ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ചതിൽ 10,718 അപേക്ഷകളാണ് കടാശ്വാസത്തിന് അർഹത നേടിയിട്ടുള്ളത്.<br>ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിൽ നിന്നും മത്സ്യഫെഡ് മുഖേന NBCFDC, NMDFC Term Loan പദ്ധതി പ്രകാരം ലോണെടുത്ത ആറ് മത്സ്യത്തൊഴിലാളികൾക്കായി 2,34,141/- രൂപയും NCDC പദ്ധതി പ്രകാരം ലോണെടുത്ത 734 മത്സ്യത്തൊഴിലാളികൾക്കായി 70,16,546/- രൂപയും കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്.<br>സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ 32 സഹകരണ സംഘങ്ങളിലായി/ ബാങ്കുകളിലായി 1270 വായ്പകൾക്ക് 42562643.75/- രൂപയുടെ കടാശ്വാസം സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച നൽകിയിട്ടുണ്ട്.<br>കൂടാതെ ആലപ്പുഴ ജില്ലയിലെ ദേശസാൽകൃത ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും കൂടി ഇതുവരെ 3,34,71,849/- രൂപയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് 1,70,17,844/- രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല. |
| (സി) | തീരുമാനമാകാത്ത അപേക്ഷകൾ എത്രയാണെന്നും എങ്കിൽ എന്തു കൊണ്ട് തീരുമാനമായില്ല എന്നും വ്യക്തമാക്കാമോ; അടിയന്തരമായി പ്രസ്തുത അപേക്ഷകളിൽ മേൽ തീരുമാനം കൈക്കൊള്ളുമോ? | (സി) | 9336 അപേക്ഷകളിൽ തീരുമാനമായിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാനായി ഈ അപേക്ഷകർക്ക് കമ്മീഷൻ പലവട്ടം നോട്ടീസ് അയച്ചുവെങ്കിലും അപേക്ഷകർ നേരിട്ട് ഹാജരായിട്ടില്ല. ഇവയിൽ ഭൂരിഭാഗവും കടാശ്വാസം അനുവദനീയമല്ലാത്ത 31.12.07 ന് ശേഷമുള്ള കടങ്ങൾക്ക് കടാശ്വാസം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകളാണ്. |

സെക്ഷൻ ഓഫീസർ